# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഡിസംബർ 7**

---

## പരീക്ഷകൾ മാറ്റിവച്ചു

മഹാത്മാ ഗാന്ധി സർവകലാശാല ഡിസംബർ പത്തിന് നടത്താനിരുന്ന എല്ലാ പരീക്ഷകളും ഡിസംബർ 11ലെ എംജിയു-യുജിപി ഒന്നാം സെമസ്റ്റർ പരീക്ഷകളും മാറ്റിവച്ചു. പുതിയ തീയതികൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1116/2024)

## ഇമ്മാനുവൽ വാലർസ്റ്റൈൻ അനുസ്മരണ പ്രഭാഷണം നാളെ

മഹാത്മാഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആൻഡ് എക്സ്റ്റൻഷൻ സംഘടിപ്പിക്കുന്ന ഇമ്മാനുവൽ വാലർസ്റ്റൈൻ അനുസ്മരണ പ്രഭാഷണം നാളെ(ഡിസംബർ 9) നടക്കും.

സാമൂഹിക ജനാധിപത്യത്തിൽ അധിഷ്ഠിതമായ കേരളത്തിന്റെ വികസന വെല്ലുവിളികൾ എന്ന വിഷയത്തിൽ സ്വീഡിഷ് സാമൂഹിക ശാസ്ത്രജ്ഞനും ഓസ്ലോ സർവകലാശാലയിലെ പ്രഫസർ എമറിറ്റസുമായ പ്രഫ. ഒല്ലെ ടോൺക്വിസ്റ്റ് പ്രഭാഷണം നടത്തും.

രാവിലെ 10.30ന് കൺവർജൻസ് അക്കാദമിയ കോംപ്ലക്സിൽ വൈസ് ചാൻസലർ ഡോ.സി.ടി.അരവിന്ദകുമാർ പരിപാടി ഉദ്ഘാടനം ചെയ്യും. കണ്ണൂർ സർവകലാശാല മുൻ വൈസ് ചാൻസലർ പ്രഫ. മൈക്കിൾ തരകൻ അധ്യക്ഷത വഹിക്കും.

ലോക സമ്പദ്വ്യവസ്ഥ, ആഗോളവൽക്കരണം, സാമൂഹിക നീതി, ഭൗമരാഷ്ട്രീയം എന്നിവയെക്കുറിച്ചുള്ള ആഗോള ചർച്ചകൾക്ക് രൂപം നൽകിയ സാമൂഹ്യശാസ്ത്രജ്ഞനും സാമ്പത്തിക ചരിത്രകാരനുമായിരുന്നു പ്രഫ. ഇമ്മാനുവൽ വാലർസ്റ്റൈൻ.

(പി.ആർ.ഒ/39/1117/2024)

## പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ബി.എ സിബിസിഎസ്(പുതിയ സ്കീം, 2022 അഡ്മിഷൻ റഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഒക്ടോബർ 2024) പരീക്ഷയുടെ  ഭരതനാട്യം, മ്യൂസിക് വോക്കൽ പ്രാക്ടിക്കൽ പരീക്ഷകൾ യഥാക്രമം ഡിസംബർ 12, 13 തീയതികളിലും മൃദംഗം, വയലിൻ, കഥകളി ചെണ്ട പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി മൂന്നു മുതലും തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1118/2024)

## പരീക്ഷാ ഫലം

രണ്ടാം സെമസ്റ്റർ എംഎ ഇക്കണോമിക്സ്(2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്,  2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2024 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.  പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ 21 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1119/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**